To
FMIS
[signature] 20/12/18

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.20.12.2018.

### പെരിയാർ കടുവാ സങ്കേതത്തിന്റെ 40-ാം വാർഷികവും ക്ഷേമപ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഇന്ന് (ഡിസം. 21)

പങ്കാളിത്ത വനപരിപാലനത്തിലൂടെ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃകയായതും അന്താരാഷ്ട്ര തലത്തിൽ അംഗീകാരങ്ങൾ നേടുകയും ചെയ്തിട്ടുള്ള പെരിയാർ കടുവാ സങ്കേതം 40-ാം വാർഷികം ആഘോഷിക്കുകയാണ്. വാർഷികാഘോഷങ്ങളുടെയും ഇതോടനുബന്ധിച്ചുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങളുടെയും ഉദ്ഘാടനം വനം-വന്യജീവി വകുപ്പുമന്ത്രി അഡ്വ. കെ. രാജു ഇന്ന് (ഡിസം. 21) വൈകിട്ട് മൂന്നിന് നിർവ്വഹിക്കും. തേക്കടി വനശ്രീ ആഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പീരുമേട് എം.എൽ.എ. ഇ.എസ്. ബിജിമോൾ അദ്ധ്യക്ഷത വഹിക്കും. ഇടുക്കി എം.പി. അഡ്വ. ജോയ്സ് ജോർജ്ജ് മുഖ്യപ്രഭാഷണം നടത്തും.

40-ാം വാർഷിക പ്രത്യേക പോസ്റ്റൽ കവറിന്റേയും സ്റ്റാമ്പിന്റേയും പ്രകാശനം ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ശാരദ സമ്പത്ത് നിർവ്വഹിക്കുകയും വനം മന്ത്രി ഇവ രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്യും. കണ്ണൻ അവാർഡ്ദാനം, ഗവി നിവാസികൾക്ക് അനുവദിച്ച ബസ്സിന്റേയും വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിന് നൽകുന്ന വാഹനത്തിന്റേയും താക്കോൽ ദാനം, കുമളി ഗവ. ഹയർസെക്കണ്ടറി സ്കൂളിന് അനുവദിച്ച അഞ്ചു ലക്ഷം രൂപയുടെ ചെക്ക് വിതരണം എന്നിവയും വനം മന്ത്രി നിർവ്വഹിക്കും. പെരിയാർ കടുവാ സങ്കേതത്തിൽ വന കുറ്റകൃത്യങ്ങൾ കണ്ടെത്തി തടയുന്നതിൽ മികവ് തെളിയിച്ച ഉദ്യോഗസ്ഥരെ മന്ത്രി ചടങ്ങിൽ ആദരിക്കും.

അങ്കണവാടികൾക്കുള്ള പ്രത്യേക പദ്ധതിയായ **കിളിവാതിൽ** സഹായ വിതരണം പൂഞ്ഞാർ എം.എൽ.എ. പി.സി. ജോർജ്ജും അട്ടത്തോട് ഇ-ഗവേൺ കേന്ദ്രത്തിന് അനുവദിച്ച ധന സഹായവിതരണം റാന്നി എം.എൽ.എ. അഡ്വ. രാജു എബ്രഹാമും നിർവ്വഹിക്കും. കോന്നി എം.എൽ.എ. അടൂർ പ്രകാശ് സന്നിഹിതനായിരിക്കും. ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ പൗലോസ്, മുഖ്യവനം മേധാവിയും ചീഫ് വൈൽഡ്ലൈഫ് വാർഡനുമായ പി.കെ. കേശവൻ, ഹൈറേഞ്ച് സർക്കിൾ സി.സി.എഫ്. ദീപക് മിശ്ര, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വനം വകുപ്പുദ്യോഗസ്ഥർ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും.

40 വർഷത്തെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളായവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പരിപാടി രാവിലെ 11-ന് ബാംബു ഗ്രോവിൽ നടക്കും. കോവിൽമല രാജാവ് രാമൻ രാജമന്നാൻ ഉദ്ഘാടനം ചെയ്യും. കോട്ടയം ഫീൽഡ് ഡയറക്ടർ ജോർജ്ജ് പി. മാത്തച്ചൻ സ്വാഗതവും പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ശില്പ വി. കുമാർ കൃതജ്ഞതയും അർപ്പിക്കും. പ്രഗത്ഭ ഛായാചിത്രകാരന്മാർ പകർത്തിയ **പെരിയാറിന്റെ ഹൃദയത്തുടിപ്പുകൾ** എന്ന ചിത്രപ്രദർശനവും പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-60